# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 38 — 30/11/2015 ൽ മറുപടിക്ക്

## എച്ച്. എസ്. എ. റാങ്ക് ലിസ്റ്റ്

**ചോദ്യം :**
**ശ്രീ. എം. ഹംസ**

**ഉത്തരം :**
**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പി. എസ്. സി. മുഖേന ജോലി നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18.05.2011 മുതൽ 31.10.2015 വരെ വിവിധ തസ്തികകളിൽ നിന്നായി ആകെ 1,39,192 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നീട്ടി നൽകുകയുണ്ടായി ; ഏതെല്ലാം ;<br>(സി) പി.എസ്.സി യുടെ എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; 31.12.2015 ൽ കാലാവധി കഴിയുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും , 30.09.2015 നു നിലവിലുള്ളതും 31.03.2016 (6 മാസം) വരെയുള്ള കാലയളവിൽ അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാകാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്റെ ശിപാർശ പ്രകാരം, പി.എസ്.സി 31.03.2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി 1300 റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ (എസ്.എസ്) ന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; അതിന്റെ കാലാവധി എന്നാണ് തീരുന്നത് ; അതിൽ നിന്ന് എത്ര പേർക്ക് നിയമന ശിപാർശ നൽകുകയുണ്ടായി ; | (ഡി) തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് പട്ടിക 29.10.2010 ന് നിലവിൽ വരികയും പരമാവധി കാലാവധിയായ 4 1/2 വർഷം പൂർത്തിയാക്കി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ടി ലിസ്റ്റിൽ നിന്നും 119 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ഇ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ (എസ്.എസ്) ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ ? | (ഇ) 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ വിജ്ഞാപനം 31.12.2012 ന് പുറപ്പെടുവിച്ച് തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു. |

**സെക്ഷൻ ഓഫീസർ**